# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 23/09/2016

(21 Dhul Hijjah 1437 Hijri)

Hazrat Khalifathullah Munir Ahmad Azim (A)

## Time: A Precious Asset/ സമയം : അനർഘമായ ഒരു മുതൽകൂട്ട് !

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാതിഹ ഓതിയ ശേഷം **സമയം അനർഘ മായ ഒരു മുതൽക്കൂട്ട്** എന്ന വിഷയത്തെ ആസ്പദമാക്കി തന്റെ പ്രഭാഷണം ആരംഭിച്ചു. **വിശ്വസിച്ചവരെ ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താനൊരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചുനോക്കട്ടെ. നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷമമായി അറിവുള്ളവനാകുന്നു** (59 : 19)

മാസങ്ങൾ, വർഷങ്ങൾ, രാത്രികൾ, പകലുകൾ ഇവ പ്രവർത്തിക്കുവാനുള്ള സമയങ്ങളാകുന്നു. ജീവിതത്തിന്റെ ദൈർഘ്യം അളക്കുവാനുള്ള അളവുകോലുകളാകുന്നു. വളരെ പെട്ടന്ന് ഇവയെല്ലാം അവസാനിക്കുകയും കടന്നു പോവുകയും ചെയ്യു ന്നതാണ്. രാവും പകലും നിരന്തരമായി പൊയ്ക്കൊണ്ടിരിക്കുന്നു. വിദൂരമായതിനെ അടുപ്പിക്കുന്നതാണ് സമയം. പുതിയ തിനെ സൃഷ്ടിക്കുകയും ശക്തമായതിനെ ബലഹീനമാക്കുക പോലും ചെയ്യുന്നു. ഭാവിയിലേക്ക് എന്തെല്ലാം സ്വപ്നങ്ങളാണ് നാം നെയ്തു കൂട്ടിയത്? ഒന്നും ഫലപ്രാപ്തിയിലെത്താതെ പോകുന്നത്! നാളേക്ക് വേണ്ടിയുള്ള എന്തെല്ലാം പ്രതീക്ഷകളാണ് പൂവണിയാതെ പോകുന്നത്? **എന്നാൽ, ഏതൊരാത്മാവിന്റെയും അവധി എത്തിക്കഴിഞ്ഞാൽ അല്ലാഹു അതിനെ പിന്നോട്ടു നിറു ത്തുകയില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.** (63:12)

നമ്മുടെ ജീവിതത്തിന്റെ ഒരു വർഷം മൂന്ന് മാസങ്ങളിൽ അവസാനിക്കുന്നതാണ്. അതായത് ഈ ലോകം ശാശ്വതമല്ല എന്ന് നമ്മെ അത് ഓർമ്മപ്പെടുത്തുന്നു. ഒന്നു കൂടി വ്യക്തമാക്കിയാൽ, ഈ ലോകം ഒരു കെണിയാണ്. ജനങ്ങളെ എത്ര പ്രാവശ്യമാണ് അത് വഞ്ചിച്ചിട്ടുള്ളത്. അവർ ഇവിടെ സ്ഥിരമായി വസിക്കുന്നവരാണെന്ന് ധാരണയിൽ ഇതിൽ ആഴ്ന്നുകിടന്ന എത്രപേരെയാണ്, എത്ര പ്രാവശ്യമാണ് അത് കൊന്നിട്ടുള്ളത്? **അബ്ദുല്ലാഹ് ഇബനു ഉമർ (റ) വിശദീകരിക്കുന്നു. അല്ലാഹു വിന്റെ ദൂതൻ (സ) എന്റെ തോളിൽ കയ്‌വെച്ചുകൊണ്ട് പറഞ്ഞു നീ ഈ ലോകത്തെ കാണേണ്ടത് ഒരു അപരിചിതനെപോ ലെയോ അഥവാ ഒരു വഴി യാത്രക്കാരനെപോലെയോ ആയിരിക്കണം. ഇബ്നു ഉമർ (റ) സാധാരണ പറയുമായിരുന്നു. പ്രദോഷ ത്തിൽ, പ്രഭാതം വരെ ജീവിക്കുമെന്ന് കരുതരുത്. പ്രഭാതത്തിൽ പ്രദോഷം വരെ ജീവിക്കുമെന്ന് കരുതരുത്. ആരോഗ്യം ക്ഷയി ക്കുന്നതിന് മുൻപ് ആരോഗ്യമുള്ള സമയം പ്രയോജനപ്പെടുത്തുക. നിങ്ങളുടെ മരണത്തിനെ മുൻപ് നിങ്ങളുടെ ജീവിതത്തിൽ നിന്ന് നേട്ടങ്ങൾ ആർജിക്കുക.** (ബുഖാരി)

നമുക്ക് അനുകൂലമായോ പ്രതികൂലമായോ വർഷങ്ങൾ കടന്ന്പോകുന്നു. നമ്മുടെ ജീവിതത്തിൽ നല്ല പ്രവർത്തികൾ നാം വർദ്ധിപ്പിക്കേണ്ടതുണ്ട്. നമുക്ക് നഷ്ടപ്പെട്ടത് ജീവിതത്തിൽ വീണ്ടെടുക്കുവാനും, നമുക്ക് നഷ്ടപ്പെട്ട സമയം ആസ്വദി ക്കുവാനും, നമ്മെ സന്തോഷ അന്തകൻ (മരണം) അതിജയിക്കുന്നതിനു മുൻപായി!

**ജാബിർ (റ) വിവരിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഒരാളോടു പറയുന്നു. അദ്ദേഹം അയാളെ ഉപദേശിക്കുക യായിരുന്നു. അഞ്ച് കാര്യങ്ങൾ സംഭവിക്കുന്നതിനു മുൻപ് അഞ്ച് കാര്യങ്ങളിൽ നേട്ടം കൊയ്യുക. (1) വാർദ്ധക്യം ആഗതമാകുന്ന തിന് മുൻപ് യുവത്വം പ്രയോജനപ്പെടുത്തുക. (2) രോഗബാധിതനാകുന്നതിന് മുൻപ് ആരോഗ്യത്തെ പ്രയോജനപ്പെടുത്തുക. (3) നിങ്ങൾ ദരിദ്രനാകുന്നതിനു മുൻപ് നിങ്ങളുടെ ധനത്തെ പ്രയോജനപ്പെടുത്തുക. (4) നിങ്ങൾ ജോലി ചെയ്യാതെ നഷ്ടപ്പെടുത്തുന്ന വിശ്രമ സമയത്തെ പ്രയോജനപ്പെടുത്തുക (5) നിങ്ങളുടെ മരണത്തിനു മുൻപുള്ള ജീവിതത്തെ പ്രയോജനപ്പെടുത്തുക. കാരണം ഈ ലോക ജീവിതത്തിന് ശേഷം മാപ്പിനുള്ള സാഹചര്യമില്ല. ഈ ലോകഭവനത്തിനു ശേഷം സ്വർഗ്ഗമോ നരകമോ അല്ലാത്ത ഭവ നവുമില്ല.**

**ഇമാം അബുമാലിക് അൽ അഷ് അരി (റ) പ്രവാചകൻ (സ) പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ മനുഷ്യനും തന്റെ ആത്മാവിനെ വില്ക്കുന്നതിനായി പ്രഭാതത്തിൽ പുറത്തേക്ക് പോകുന്നു. അങ്ങനെ അവൻ അതിനെ സ്വതന്ത്രമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. (മുസ്ലിം)**

**അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് (റ) പ്രവാചകൻ (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു. വിധി ദിനത്തിൽ തന്റെ രക്ഷിതാവിന്റെ സവിധത്തിൽ നിന്നും മനുഷ്യന്റെ ഇരു കാലുകൾ ചലിക്കുന്നതല്ല, തന്റെ ജീവിതത്തെപ്പറ്റി അഞ്ചു കാര്യങ്ങൾ ചോദിക്കപ്പെടുന്നതു വരെ (1) തന്റെ ജീവിതം അവൻ എങ്ങനെ ചെലവഴിച്ചു. (2) യുവത്വം അത് എങ്ങനെയാണ് വിനിയോഗിച്ചത് (3) അവന്റെ ധനം എവിടെ നിന്നും സമ്പാദിച്ചു. (4) ധനം അത് എങ്ങനെ ചെലവഴിച്ചു. (5) അവൻ നേടിയ അറിവിൽ നിന്നും അവൻ എന്താണ് പ്രവർത്തിച്ചത് (തിർമിദി)**

ഇബ്നു മസ്ഊദ് (റ) പറഞ്ഞു സൂര്യനസ്തമിക്കുമ്പോൾ ഒരു കാര്യത്തെക്കുറിച്ച് ഞാൻ ഖേദിക്കുന്നതുപോലെ മറ്റൊരു കാര്യത്തിലും ഞാൻ ഒരിക്കലും ഖേദിച്ചിട്ടില്ല. **തന്റെ ജീവിതം ചുരുങ്ങിയിരിക്കുന്നു. ഞാൻ എന്റെ നന്മകൾ വർദ്ധിപ്പിച്ചിട്ടുമില്ല.**

**പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ആയുസ്സ് ദൈർഘ്യമേറുകയും ജീവിതത്തെ സമ്പൂർണ്ണമാക്കുകയും ചെയ്യുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ (തിർമിദി)**

**അബൂബക്കർ (റ) റിപ്പോർട്ടു ചെയ്യുന്നു. ഒരാൾ ചോദിച്ചു. അല്ലയോ അല്ലാഹുവിന്റെ ദൂതരെ ! മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്? അദ്ദേഹം മറുപടിയായി പറഞ്ഞു. ഒരുവന് ആയുസ്സ് ദൈർഘ്യമുള്ളതാവുകയും നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവനാണ് നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ. അപ്പോൾ ആ മനുഷ്യൻ വീണ്ടും ചോദിച്ചു. മനുഷ്യരിൽ ഏറ്റവും മോശപ്പെട്ടവൻ ആരാണ്? പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ആയുസ്സ് ദൈർഘ്യമേറിയതാവുകയും, മോശകാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നവൻ (ബുഖാരി)**

**മുസ്ലീം റിപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനം നമുക്ക് വിസ്മരിക്കാതിരിക്കാം. പകൽ തെറ്റുചെയ്യുകയും, രാത്രിയിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവരുടെ പാപമോചനത്തിനായി അല്ലാഹു അവന്റെ കൈകൾ രാത്രിയിൽ തുറന്നുവെച്ചിരിക്കുന്നു.**

നമുക്ക് ഓരോരുത്തർക്കും സ്വയം ഒരു അവലോകനം നടത്തി നോക്കാം. നാം സന്തോഷത്തിലായിരിക്കുമോ? അതോ ദുഃഖത്തിലായിരിക്കുമോ? തെറ്റുകൾ തിരുത്തി, നന്മയിൽ മുന്നേറിയാൽ, തീർച്ചയായും അവന്റെ ആത്മാവ് വിജയത്തിലെത്തിച്ചേരും. മനുഷ്യൻ മരിക്കാത്ത പ്രസ്തുത സ്ഥലത്തേക്ക് എത്തിചേരാൻ നമുക്ക് കുതിച്ചോടാം. ആ ഭവനങ്ങൾക്ക് നാശം സംഭവിക്കുന്നതല്ല അവിടത്തെ യുവത്വം അവസാനിക്കുന്നതല്ല. അവിടത്തെ സൗന്ദര്യത്തിന് കോട്ടംതട്ടുന്നതുമല്ല. പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ആരാണോ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്, അവൻ സൗഭാഗ്യത്തിൽ ജീവിക്കും, മരിക്കുകയില്ല, അവന്റെ വസ്ത്രങ്ങൾ മുഷിയുന്നതല്ല, അവന്റെ യുവത്വം അവസാനിക്കുന്നതുമല്ല. (മുസ്ലീം)

എപ്പോഴും ഓർക്കുക ഈ ലോകജീവിതം വെറും താത്ക്കാലികമാണ്. നമ്മുടെ യഥാർത്ഥ ഭവനം ഈ ലോകമല്ല. നമ്മുടെ ഭവനം നാം ഒരിക്കലും മുൻപ് കണ്ടിട്ടുള്ളതല്ല. അത് നമുക്കായി ഇനി തുറക്കപ്പെടേണ്ടതണ്. അത്ഭുത സന്തോഷമെന്ന് പറയുന്നത് ദൈവം തമ്പുരാൻ തന്റെ ഇഷ്ട ദാസന്മാർക്കായി അത് കരുതിവെച്ചിരിക്കുന്നതാണ്. പശ്ചാത്താപത്തിലൂടെ അല്ലാഹുവിനെ സ്മരിക്കുകയും, തങ്ങളുടെ തെറ്റുകുറ്റങ്ങൾ മായ്ച്ചുകളയുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കായി ! പരമമായ ദൈവീക സത്യത്തെ പ്രബോധിക്കുന്നതിനായി ജീവിതം സമർപ്പിക്കുന്നവർക്കായി ! അവനെയല്ലാതെ, മറ്റാരേയും ആരാധിക്കാത്തവർക്കായി ! ഇത്തരം ആൾക്കാർക്ക് അവരുടെ പ്രതിഫലം പൂർണ്ണതോതിൽ തന്നെ നല്കപ്പെടുന്നതാണ്.

നമുക്ക് നമ്മുടെ സമയം വ്യർത്ഥ വ്യാപാരങ്ങളിലും വ്യർത്ഥ സന്തോഷങ്ങളിലും നഷ്ടപ്പെടുത്താതിരിക്കാം. അനർഘമായ സമയം അല്ലാഹു നമുക്ക് നല്കിയതാണ്. അല്ലാഹുവിന്റെ മതത്തിനായി, ഇസ്ലാമിനായി, നമ്മുടെ ജീവിതത്തെ സമർപ്പിക്കാം. ഓരോ ആത്മാവിന്റെയും ലക്ഷ്യവും, മാർഗ്ഗവും, ചിന്തയും അതുതന്നെയാകട്ടെ ! അതിലൂടെ, ഈ ലോകപരീക്ഷണങ്ങളിലൂടെ, ദൈവത്തിലേക്കുള്ള യഥാർത്ഥ പാത കണ്ടെത്തുന്നതാണ്. ഈ ദൗത്യത്തിൽ അല്ലാഹു നമ്മെ സഹായിക്കട്ടെ! ഇരു ലോക

**Translated By:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**